## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5579** — **24/05/2017-ൽ മറുപടിയ്ക്ക്**

## പകർച്ച വ്യാധികൾക്കെതിരെയുള്ള പ്രതിരോധ പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഇ.പി.ജയരാജൻ<br>,, സി.കെ. ഹരീന്ദ്രൻ<br>,, പി.വി. അൻവർ<br>,, യു. ആർ. പ്രദീപ് | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) |
| എ) പകർച്ച വ്യാധികൾക്കെതിരെയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാനും ഇത്തരം പ്രവർത്തനങ്ങളിൽ പൊതുജന പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിക്കുമോ; | എ) നടപടി സ്വീകരിച്ചിട്ടുണ്ട്. കേരളത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രത്തിന് കീഴിലുള്ള എല്ലാ സബ് സെന്ററുകളിലും വാർഡ് ഹെൽത്ത് സാനിറ്റേഷൻ ന്യൂട്രീഷൻ കമ്മിറ്റി പ്രവർത്തിച്ചുവരുന്നു. ഈ കമ്മിറ്റിയിൽ ആരോഗ്യവകുപ്പിലെ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, വാർഡ് മെമ്പർ എന്നിവർ കൂടാതെ ആശാവർക്കർമാർ, കുടുംബശ്രീ വർക്കർമാർ, ആയൽക്കൂട്ടത്തിലെ പ്രതിനിധികൾ, വിവിധ ക്ലബ്ബുകളുടെ പ്രതിനിധികൾ, റസിഡൻസ് അസോസിയേഷൻ പ്രതിനിധികൾ, സാമൂഹ്യ പ്രവർത്തകർ, സ്കൂൾ ടീച്ചർമാർ, ആ വാർഡിലെ എൻ.ജി.ഒ.യുടെ പ്രതിനിധികൾ. കൂടാതെ ആയുർവ്വേദ, യുനാനി, സിദ്ധ ഹോമിയോപ്പതി തുടങ്ങിയ രജിസ്റ്റേഡ് മെഡിക്കൽ പ്രാക്ടീഷണർമാർ, സാനിറ്ററി കമ്മിറ്റിയിലെ മെമ്പർമാർ, ഹെൽത്ത് വാളൻറിയേഴ്സ് തുടങ്ങിയവരെ ഉൾപ്പെടുത്തി പൊതുജന പങ്കാളിത്തത്തോടെ ഓരോ വാർഡിലേയും രോഗപ്രതിരോധ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുകയും പകർച്ച വ്യാധികൾക്കെതിരെയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കി വരുകയും ചെയ്യുന്നു. ഇവ കൂടാതെ സ്ഥാപന, പൊതുസ്ഥലം ഉറവിട നശീകരണ ക്യാമ്പയിൻ, ഡ്രൈഡേ |

→

ഒബ്സർവൻസ്, നമുക്ക് തോട്ടങ്ങളിലേയ്ക്ക് നീങ്ങാം എന്ന ക്യാമ്പയിൻ എന്നിവയും പൊതുജനപങ്കാളിത്തത്തോടെ നടപ്പിലാക്കി വരുന്നു.

**ബി)** ബോധവൽക്കരണത്തിന്റെ ഭാഗമായി ക്ലാസ്സുകൾ, ലഘുലേഖ വിതരണം, പ്രദർശനങ്ങൾ എന്നിവ സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

**ബി)** ബോധവൽക്കരണത്തിന്റെ ഭാഗമായി ഐ.ഇ.സി ആക്ടിവിറ്റീസിനായി തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകൾക്ക് 50,000/- രൂപ വീതവും പത്തനംതിട്ട, ആലപ്പുഴ, കോട്ടയം. ഇടുക്കി, പാലക്കാട്, വയനാട് ജില്ലകൾക്ക് 30,000/- രൂപ വീതവും ഉപയോഗിക്കാനായി ഉത്തരവായിട്ടുണ്ട്. ടി തുക ഉപയോഗിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതാണ്. ഇത് കൂടാതെ തിരുവനന്തപുരം, കൊല്ലം, എറണാകുളം, പാലക്കാട്, തൃശ്ശൂർ. കോഴിക്കോട്, മലപ്പുറം ജില്ലകൾക്ക് 15,000/- രൂപ വീതവും കോട്ടയം, ആലപ്പുഴ, കണ്ണൂർ ജില്ലകളിൽ 10,000/- രൂപ വീതവും പത്തനംതിട്ട, ഇടുക്കി, വയനാട്, കാസർഗോഡ് ജില്ലകളിൽ 5,000/- രൂപ വീതവും എച്ച്1എൻ1 പനിക്കെതിരെയുള്ള ബോധവൽക്കരണ പ്രവർത്തനം നടത്തുന്നതിന് ഉപയോഗിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

**സി)** വീടുകൾതോറുമുള്ള ബോധവൽക്കരണം നടത്തുന്നതിനും പരിസര ശുചിത്വവും വ്യക്തി ശുചിത്വവും ഉറപ്പുവരുത്തുന്നതിനും കൂടുതൽ ആരോഗ്യ പ്രവർത്തകരുടെ സേവനം ലഭ്യമാക്കുമോ?

**സി)** ആവശ്യമെങ്കിൽ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**